ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 25.02.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ആരോഗ്യ മേഖലയുടെ വികേന്ദ്രീകരണത്തിന് പ്രാധാന്യം നൽകണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Draupadi Murmu has stressed on the need to give importance to decentralization of the health sector.**

2. വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഊർജ്ജം പകരുന്നത് രാജ്യത്തെ കഴിവുറ്റ യുവജനതയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi has said that the country's talented youth are the driving force behind achieving the goal of viksit bharat.**

3. ഇന്ത്യയും ബ്രിട്ടനും തമ്മിലുള്ള സ്വതന്ത്ര വ്യാപാര കരാർ ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധത്തിലെ നാഴികക്കല്ലായി മാറുമെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ.

   **Union Minister Piyush Goyal has said that the free trade agreement between India and Britain will be a milestone in the relations between the two countries.**

4. എക്സൈസ് നയത്തെക്കുറിച്ചുള്ള സി.എ.ജി റിപ്പോർട്ട് ഡൽഹി നിയമസഭയിൽ അവതരിപ്പിച്ചു. ബഹളത്തെ തുടർന്ന് 21 ആം ആദ്മി പാർട്ടി എം.എൽ.എ മാർക്ക് സസ്പെൻഷൻ.

   **CAG report on excise policy presented in the Delhi Assembly. Following the uproar, 21 Aam Aadmi Party MLA Mark was suspended.**

5. വെഞ്ഞാറമൂട് കൂട്ടക്കൊലപാതകത്തിൻറെ അന്വേഷണം പുരോഗമിക്കുന്നു. കൊല്ലപ്പെട്ടവരുടെ മൃതദേഹം സംസ്കരിച്ചു.

**The investigation into the Venjaramoodu massacre is in progress. The bodies of the victims have been cremated.**

6. ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ദക്ഷിണാഫ്രിക്ക-ഓസ്ട്രേലിയ മത്സരം മഴ മൂലം ഉപേക്ഷിച്ചു. കേരളം -വിദർഭ രഞ്ജി ട്രോഫി ക്രിക്കറ്റ് ഫൈനലിന് നാളെ നാഗ്പൂരിൽ തുടക്കം.

**The South Africa-Australia match in the Champions Trophy cricket was abandoned due to rain. The Kerala-Vidarbha Ranji Trophy cricket final begins tomorrow in Nagpur.**

*****************************************************************

## PM ASSAM VISIT

വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഊർജ്ജം പകരുന്നത് രാജ്യത്തെ യുവജനതയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. അസമിലെ ഗുവാഹത്തിയിൽ നടക്കുന്ന അഡ്വാന്റേജ് അസം 2.0 നിക്ഷേപ അടിസ്ഥാന സൗകര്യ വികസന ഉച്ചകോടിയുടെ പ്ലീനറി സെഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ആഗോള തലത്തിൽ അനിശ്ചിതത്വം നിലനിൽക്കുന്ന സാഹചര്യത്തിലും ഇന്ത്യയുടെ വികസനം ദ്രുതഗതിയിൽ മുന്നോട്ടു പോകുന്നതായും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.

രാജ്യത്തെ വികസനത്തിൻറെ കേന്ദ്രമായി അസം മാറുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. അസം ഗവർണർ- എൽ.പി ആചാര്യ, അസം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ്മ തുടങ്ങിയവരും സമ്മേളനത്തിൽ പങ്കെടുത്തു. രണ്ട് ദിവസം നീണ്ടുനിൽക്കുന്ന ഉച്ചകോടിയിൽ 240-ലധികം എക്സിബിറ്റേഴ്സ് പങ്കെടുക്കും.

*********************************************************************

## DAY PREZ-THREE STATE VISIT (INTRO)

ആരോഗ്യമേഖലയുടെ വികേന്ദ്രീകരണത്തിന് പ്രാധാന്യം നൽകണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ബിഹാറിലെ പട്ന മെഡിക്കൽ കോളേജിൻറെ ശതാബ്ദി ആഘോഷത്തെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. ചെറിയ നഗരങ്ങളിൽ മെഡിക്കൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിലൂടെ വലിയ ആശുപത്രികളിലെ തിരക്ക് കുറക്കാനാകുമെന്ന് ശ്രീമതി മുർമു ചൂണ്ടിക്കാട്ടി. രാജ്യത്തെ ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങളിൽ കൂടുതൽ ഗവേഷണങ്ങൾ കൊണ്ടുവരണം എന്നും രാഷ്ട്രപതി പറഞ്ഞു.

(ഹോൾഡ്- വോയിസ്)

ബീഹാർ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മുഖ്യമന്ത്രി നിതീഷ് കുമാർ, കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നദ്ദ, എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

*********************************************************************

## NEW DELHI ASSEMBLY-AAP MLAs SUSPENSION

അതിഷി, ഗോപാൽ റായ്, ഇമ്രാൻ ഹുസൈൻ, വിശേഷ് രവി എന്നിവരുൾപ്പെടെ ഇരുപത്തിയൊന്ന് ആം ആദ്മി പാർട്ടി എംഎൽഎമാരെ ഡൽഹി നിയമസഭാ സമ്മേളനത്തിൻ്റെ മൂന്ന് സിറ്റിങ്ങുകളിൽ നിന്ന് സസ്പെൻഡ് ചെയ്തു. ഇന്ന് നിയമസഭയിൽ ലെഫ്റ്റനൻ്റ് ഗവർണർ വിനയ് കുമാർ സക്സേനയുടെ പ്രസംഗത്തിനിടെ മോശമായി പെരുമാറിയതിനെ തുടർന്നാണ് സസ്പെൻഷൻ. ബഹളം തുടർന്ന സാഹചര്യത്തിൽ ഒരു ദിവസത്തേക്ക് പ്രതിപക്ഷ എം എൽ എ മാരെ സഭയിൽ നിന്ന് സസ്പെൻഡ് ചെയ്തതായി സ്പീക്കർ അറിയിച്ചു. അതേസമയം ഡൽഹി

നിയമസഭാ സമ്മേളനം രണ്ട് ദിവസത്തേക്ക് കൂടി നീട്ടി. എക്സൈസ് നയത്തെക്കുറിച്ചുള്ള സിഎജി റിപ്പോർട്ട് മുഖ്യമന്ത്രി രേഖ ഗുപ്ത സഭയിൽ അവതരിപ്പിച്ചു. കഴിഞ്ഞ എ.എ.പി സർക്കാർ സി.എ.ജി റിപ്പോർട്ട് വൈകിപ്പിച്ചെന്ന് ബിജെപി ആരോപിച്ചു.

**********************************************************************

## JPC-ONE NATION ONE ELECTION

ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് സംബന്ധിച്ച പാർലമെൻ്റിൻ്റെ സംയുക്ത സമിതിയുടെ യോഗം ഇന്ന് പാർലമെൻ്റ് ഹൗസിൽ ചേർന്നു. യോഗത്തിനിടെ സമിതി നിയമവിദഗ്ധരുമായി ആശയവിനിമയം നടത്തി. 39 അംഗ സമിതിയിൽ ലോക്‌സഭയിൽ നിന്ന് 27 അംഗങ്ങളും രാജ്യസഭയിൽ നിന്ന് 12 അംഗങ്ങളുമാണുള്ളത്.

**********************************************************************

## GOYAL - FREE TRADE AGREEMENT

ഇന്ത്യയും ബ്രിട്ടനും തമ്മിലുള്ള സ്വതന്ത്ര വ്യാപാര കരാർ ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധത്തിലെ നാഴികക്കല്ലായി മാറുമെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ. ബ്രിട്ടൻറെ വാണിജ്യ വ്യവസായ മന്ത്രി ജോനാഥൻ റെനോൾഡ്സുമായുള്ള കൂടിക്കാഴ്ചയ്ക്കു ശേഷം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്വതന്ത്ര വ്യാപാര കരാറിന്റെ പുരോഗതി വിലയിരുത്തിയ ഇരുപക്ഷവും സന്തുലിതമായ കരാറിനായുള്ള ശ്രമങ്ങൾ ത്വരിതപ്പെടുത്താൻ ധാരണയായതായി ശ്രീ. ഗോയൽ അറിയിച്ചു. ഇന്ത്യ-യു.കെ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള മോദി സർക്കാരിൻ്റെ പ്രതിബദ്ധത ശ്രീ ഗോയൽ ആവർത്തിച്ചു.

**********************************************************************

## TN- ALL PARTY MEET

ലോക്സഭാ മണ്ഡലങ്ങളുടെ പുനർ നിർണയവുമായി ബന്ധപ്പെട്ട് തമിഴ്നാട് മുഖ്യമന്ത്രി എം.കെ.സ്റ്റാലിൻ സർവകക്ഷിയോഗം വിളിച്ചു. സംസ്ഥാനങ്ങളിലെ ജനസംഖ്യയെ ആശ്രയിച്ച് അതിർത്തി നിർണയം നടത്തിയാൽ തമിഴ്നാടിൻറെ പ്രാതിനിധ്യം കുറയുമെന്ന് അദ്ദേഹം ആശങ്ക പ്രകടിപ്പിച്ചു. തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ച തമിഴ്നാട്ടിലെ 40 പാർട്ടികളുടെ യോഗം മാർച്ച് അഞ്ചിന് ചേരും.

*****************************************************************

## DGMO - MANIPUR

ഇന്ത്യൻ കരസേനയുടെ ഡയറക്ടർ ജനറൽ ഓഫ് മിലിട്ടറി ഓപ്പറേഷൻസ് ലെഫ്റ്റനന്റ് ജനറൽ രാജീവ് ഘായി, ഇന്ത്യ-മ്യാൻമർ അതിർത്തിയിലെ സ്ഥിതിഗതികൾ വിലയിരുത്താനായി മണിപ്പൂർ സന്ദർശിച്ചു. മണിപ്പൂർ ഗവർണർ, സംസ്ഥാന സുരക്ഷാ ഉപദേഷ്ടാവ് അജയ് കുമാർ ഭല്ല, മണിപ്പൂർ ചീഫ് സെക്രട്ടറി, പോലീസ് ഡയറക്ടർ ജനറൽ എന്നിവരുമായി ലെഫ്റ്റനൻ്റ് ജനറൽ ചർച്ച നടത്തി. അതിർത്തി മാനേജ്മെൻ്റ് വർദ്ധിപ്പിക്കേണ്ടതിൻ്റെയും ഇന്ത്യ-മ്യാൻമർ അതിർത്തിയിലെ സുരക്ഷാ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തേണ്ടതിന്റെയും ആവശ്യകതയെ കേന്ദ്രീകരിച്ചായിരുന്നു ചർച്ചകൾ എന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു.

*****************************************************************

## MAHA KUMBH - MAHASHIVRATRI

പ്രയാഗ് രാജിലെ മഹാകുംഭ മേളയ്ക്ക് ശിവരാത്രി ദിവസമായ നാളെ സമാപനം. തീർത്ഥാടകർക്ക് ശിവരാത്രിയിലെ ചടങ്ങുകളിൽ പങ്കെടുക്കുന്നതിന് വിപുലമായ ക്രമീകരണങ്ങളാണ്

ഒരുക്കിയിരിക്കുന്നത്. കേരളത്തിലെ ക്ഷേത്രങ്ങളിലും ശിവരാത്രിയോടനുബന്ധിച്ചുള്ള ഒരുക്കങ്ങൾ പൂർത്തിയായി.

******************************************************************

## RAJNATH-COAST GUARD (INTRO)

വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ തത്രക്ഷക് മെഡലുകൾ തീര സംരക്ഷണ സേനയിലെ ഉദ്യോഗസ്ഥർക്ക് പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ് സമ്മാനിച്ചു. ന്യൂഡൽഹിയിൽ നടന്ന ചടങ്ങിലാണ് വിശിഷ്ട സേവനത്തിനും ധീരതയ്ക്കും സ്തുത്യർഹ സേവനത്തിനുമുള്ള മെഡലുകൾ സമ്മാനിച്ചത്. ഏതു പ്രതികൂല സാഹചര്യങ്ങളെയും അതിജീവിക്കാൻ കഴിവുള്ള, ലോകത്തിലെ തന്നെ ഏറ്റവും കാര്യക്ഷമമായ തീരസേനകളിലൊന്നാണ് ഇന്ത്യൻ

കോസ്റ്റ് ഗാർഡ് എന്ന് അദ്ദേഹം പറഞ്ഞു.

( ഹോൾഡ് വോയിസ് ) തീരസംരക്ഷണ സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും ഇതിനായി ബജറ്റിൽ 9,676 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ശ്രീ. രാജ്നാഥ് സിംഗ് പറഞ്ഞു.

******************************************************************

## NEW CRICKET- ICC CHAMPIONS TROPHY

ഐ.സി.സി ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ, റാവൽപിണ്ടിയിൽ ഇന്ന് നടക്കേണ്ടിയിരുന്ന ഓസ്ട്രേലിയ-ദക്ഷിണാഫ്രിക്ക മത്സരം മഴമൂലം ഉപേക്ഷിച്ചു. ഒരു പന്ത് പോലും എറിയാതെയാണ് മത്സരം ഉപേക്ഷിച്ചത്. ഇരു ടീമുകളും ഓരോ പോയിൻ്റ് വീതം പങ്കിടും.

******************************************************************

## RENJI TROPHY

നാഗ്പൂരിൽ നാളെ ആരംഭിക്കുന്ന രഞ്ജി ട്രോഫി ക്രിക്കറ്റ് ഫൈനലിൽ കേരളം വിദർഭയുമായി ഏറ്റുമുട്ടും. രഞ്ജി ചരിത്രത്തിൽ ആദ്യമായാണ് കേരളം ഫൈനലിൽ എത്തുന്നത്.

****************************************************************

## ISL

ഐ എസ് എൽ ഫുട്ബാളിൽ ബെംഗളൂരു എഫ് സി - ചെന്നൈയിൻ മത്സരം ആരംഭിച്ചു. ബെംഗളൂരു ശ്രീകണ്ഠീരവ സ്റ്റേഡിയത്തിലാണ് മത്സരം.

****************************************************************

## CRICKET – WPL

വനിതാ പ്രീമിയർ ലീഗ് വനിതാ ക്രിക്കറ്റിൽ ഗുജറാത്ത് ജയൻ്റ്സ് -ഡൽഹി ക്യാപിറ്റൽസ് മത്സരം ആരംഭിച്ചു. ബെംഗളൂരുവിലെ എം ചിന്നസ്വാമി സ്റ്റേഡിയത്തിലാണ് മത്സരം.

****************************************************************

## VENJARAMOODU

തിരുവനന്തപുരം വെഞ്ഞാറമൂട് കൂട്ടക്കൊലപാതകത്തിൻറെ അന്വേഷണം പ്രാരംഭഘട്ടത്തിലാണെന്നും രണ്ട് ദിവസത്തിനുള്ളിൽ നിഗമനത്തിൽ എത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ദക്ഷിണ മേഖല ഐ ജി ശ്യാം സുന്ദർ പറഞ്ഞു. ഇതുവരെ പ്രതിയെ ചോദ്യം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ആരോഗ്യസ്ഥിതി വിലയിരുത്തിയ ശേഷം ഡോക്ടറുടെ നിർദ്ദേശപ്രകാരമായിരിക്കും വേണ്ട നടപടികൾ കൈക്കൊള്ളുകയെന്നും അദ്ദേഹം വ്യക്തമാക്കി. അഫാൻ മയക്കുമരുന്നിന് അടിമയാണോ എന്നും പരിശോധന

നടത്തും. അതേസമയം കൊല്ലപ്പെട്ട 5 പേരുടെയും മൃതദേഹങ്ങൾ സംസ്കരിച്ചു. അഫ്സാൻ, ലത്തീഫ്, സൽമ ബീവി, ഷാഹിദ എന്നിവരുടെ മൃതദേഹങ്ങൾ താഴേ പാങ്ങോട് ജുമാമസ്ജിദ് ഖബർസ്ഥാനിലും ഫർസാനയുടെ മൃതദേഹം ചിറയിൻകീഴ് കാട്ടുമുറാക്കൽ ജുമാമസ്ജിദിലുമാണ് സംസ്കരിച്ചത്.

**************************************************************

## KERALA BYPOLL

കേരളത്തിൽ 28 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിൽ 15 സീറ്റുകളിൽ എൽ.ഡി.എഫിനും 13 ഇടത്ത് യു.ഡി.എഫിനും വിജയം. മൂന്നിടത്ത് മറ്റുള്ളവരാണ് വിജയിച്ചത്. ആകെ 30 സീറ്റുകളിലേക്കാണ് തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചത്.

**************************************************************

## SARAS MELA-PEMMASANI

വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള സ്വയം സഹായ സംഘങ്ങൾ തയ്യാറാക്കിയ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്ന സരസ് ആജീവിക മേളയ്ക്ക് ഉത്തർപ്രദേശിലെ നോയിഡയിൽ തുടക്കമായി. കേന്ദ്ര സഹമന്ത്രി ഡോ. ചന്ദ്രശേഖർ പെമ്മസാനി പരിപാടി ഉദ്ഘാടനം ചെയ്തു. സ്ത്രീകളെ സംരംഭകരാക്കി മാറ്റാൻ മേള സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ഉൽപന്നങ്ങളുടെ കയറ്റുമതി സാധ്യത വികസിപ്പിക്കുക എന്നതാണ് ഈ വർഷത്തെ മേളയുടെ പ്രമേയം.

**************************************************************

## SETH PEACEKEEPING CONAFERENCE

രാജ്യത്ത് വനിതാ സമാധാന സേനാംഗങ്ങൾ മാതൃകാപരമായി പ്രവർത്തിക്കുന്നുവെന്നും ഗ്രാമീണ വനിതകളെ നേതൃസ്ഥാനങ്ങൾ

ഏറ്റെടുക്കാൻ പ്രചോദിപ്പിക്കുമെന്നും കേന്ദ്ര സഹമന്ത്രി സഞ്ജയ് സേത്ത്. "**സമാധാനപാലനത്തിലെ സ്ത്രീകൾ: ഒരു ആഗോള ദക്ഷിണ വീക്ഷണം**" എന്ന വിഷയത്തിൽ ന്യൂഡൽഹിയിൽ നടന്ന വനിതാ സമാധാന സേനാംഗങ്ങൾക്കായുള്ള ആദ്യ കോൺഫറൻസിനെ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീ സേത്ത്. സമാധാന പരിപാലന മേഖലയിൽ ശാശ്വതമായ സ്വാധീനം വളർത്തുന്നതിനുള്ള നിർണായക വേദിയായി സമ്മേളനം പ്രവർത്തിക്കുന്നുവെന്ന് മന്ത്രി പറഞ്ഞു.

*******************************************************************

## IMD

അടുത്ത 2 ദിവസത്തിനുള്ളിൽ പടിഞ്ഞാറൻ ഹിമാലയത്തിലെ പർവതങ്ങളിലും രാജ്യത്തിന്റെ വടക്കു-കിഴക്കൻ പ്രദേശങ്ങളിലെ സമതലങ്ങളിലും മഴ ശക്തിപ്രാപിക്കുമെന്ന് ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് പ്രവചിക്കുന്നു. വരുന്ന 2-3 ദിവസങ്ങളിൽ രാജ്യത്തിൻ്റെ പടിഞ്ഞാറൻ തീരത്ത് താപനില ഇനിയും ഉയരാൻ സാധ്യതയുണ്ടെന്ന് ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

*******************************************************************

## JAGDEEP DHANKHAR

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ നാളെ അരുണാചൽ പ്രദേശിലെ കാംലെ ജില്ലയിൽ ഏകദിന പര്യടനം നടത്തും. സന്ദർശന വേളയിൽ, കാംലെ ജില്ലയിലെ കംപോരിജോ സർക്കിളിൽ നടക്കുന്ന ആദ്യ സംയുക്ത മെഗാ ന്യോകും യുല്ലോ ആഘോഷത്തിൽ ഉപരാഷ്ട്രപതി മുഖ്യാതിഥിയായി പങ്കെടുക്കും..

************************************************************************************************************************

*******************************************************************